**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1547** **30-08-2022 - ൽ മറുപടിയ്ക്ക്**

**ബോട്ട് മാസ്റ്റർ ലൈസൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി)** | |
| (എ) | ബോട്ട് മാസ്റ്റർ (ടിക്കറ്റ് കളക്ടർ) ലൈസൻസ് പുതുതായി നൽകാതെ, പുതുക്കി നൽകുന്നതിന് മാത്രമായി പ്രത്യേക ഉത്തരവുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് നൽകാമോ; | (എ) | കെ.ഐ.വി. ഇൻലാന്റ് റൂൾ 2010 പ്രകാരം ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സ് (സി.ഐ.ബി) നൽകിവരുന്ന ക്രൂ സർട്ടിഫിക്കറ്റുകളിൽ ബോട്ട് മാസ്റ്റർ (ടിക്കറ്റ് കളക്ടർ) സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടില്ല. സി.ഐ.ബി സർട്ടിഫിക്കറ്റുകൾ പുതുക്കുന്നതിന് 18-04-2017 ലെ സ.ഉ.(സാധാ)നം.312/2017/മതുവ. പ്രകാരവും 06-12-2017 ലെ സ.ഉ.(സാധാ)നം.928/2017/ മതുവ. തീയതി ഉത്തരവ് പ്രകാരവും നിർദ്ദേശം നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | 2015 മുതൽ തുറമുഖ വകുപ്പ് വഴി എത്ര ബോട്ട് മാസ്റ്റർ ലൈസൻസ് പുതുക്കി നൽകിയെന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ? | (ബി) | 2015 മുതൽ തുറമുഖ വകുപ്പ വഴി 470 ബോട്ട് മാസ്റ്റർ സർട്ടിഫിക്കറ്റുകൾ പുതുക്കി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

കേരള സർക്കാർ

## സംഗ്രഹം

മത്സ്യബന്ധന തുറമുഖ വകുപ്പ് - കേരള ഇൻലാന്റ് വെസ്സൽ റൂൾസ് 2010 - ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സ് (CB) നൽകിയ സർട്ടിഫിക്കറ്റുകൾ കേരള ഇൻലാന്റ് വെസ്സൽ റൂൾസ് 2010 പ്രകാരമുള്ള സർട്ടിഫിക്കറ്റുകളാക്കി മാറ്റുന്നതിന് സമയപരിധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്

സ.ഉ.(സാധാ) നം. 312/2017/മതുവ.

---

തിരുവനന്തപുരം, തീയതി: 18-04-2017

പരാമർശം:

ഇറമുഖ വകുപ്പ് ഡയറക്ടറുടെ 25-01-2017, 18-02-2017, 06-03-2017, 17-03-2017, 03-04-2017 എന്നീ തീയതികളിലെ ബി3-532/17 നമ്പർ കത്തുകൾ

## ഉത്തരവ്

പരാമർശത്തിലെ കത്തുകളിൽ തുറമുഖ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വസ്തുതകൾ പരിഗണിച്ച് ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സ് (CB) നൽകിയ സർട്ടിഫിക്കറ്റുകൾ കൈവശമുള്ള ഉൾനാടൻ ജലയാനങ്ങളിലെ ജീവനക്കാർക്ക് ടി സർട്ടിഫിക്കറ്റുകൾ കേരള ഇൻലാന്റ് വെസ്സൽ റൂൾസ് 2010 (KIV Rules 2010) പ്രകാരമുള്ള സർട്ടിഫിക്കറ്റുകളാക്കി മാറ്റുന്നതിനും / പുതുക്കുന്നതിനും 15-09-2017 വരെ സമയപരിധി അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സ് (CB) സർട്ടിഫിക്കറ്റുകൾ കൈവശം വച്ചിട്ടുള്ളവർക്ക് കേരള ഇൻലാന്റ് വെസ്സൽ റൂൾസ് 2010 പ്രകാരമുള്ള സർവ്വീസ് സർട്ടിഫിക്കറ്റുകൾ നടപടിക്രമങ്ങൾ പാലിച്ച് ടി സമയപരിധിക്കുള്ളിൽ നൽകുന്നു എന്ന് തുറമുഖ വകുപ്പ് ഡയറക്ടർ ഉറപ്പു വരുത്തേണ്ടതാണ്. ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സ് (CB) സർട്ടിഫിക്കറ്റുകൾ കേരള ഇൻലാന്റ് വെസ്സൽ റൂൾസ് 2010 പ്രകാരമുള്ള സർട്ടിഫിക്കറ്റാക്കി മാറ്റുന്നതിന് 15-09-2017 ന് ശേഷം യാതൊരു സാഹചര്യത്തിലും മറ്റൊരു അവസരം കൂടി നൽകുന്നതല്ല.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

കെ. എസ്. ശോഭന
അഡീഷണൽ സെക്രട്ടറി

തുറമുഖ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ, പബ്ലിക് റിലേഷൻസ് (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Scanned with CamScanner

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ് - ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സ് (CIB) നൽകിയ സർട്ടിഫിക്കറ്റുകൾ 2010 ലെ കേരള ഇൻലാന്റ് വെസ്സൽ റൂൾസ് പ്രകാരമുള്ള സർട്ടിഫിക്കറ്റുകളാക്കി മാറ്റുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ)നം. 928/2017/മതുവ തിരുവനന്തപുരം, തീയതി: 06-12-2017

---

പരാമർശം:- 1 സ.ഉ. (സാധാ) നം. 312/2017/മ.തു.വ തീയതി 18-04-2017

2 തുറമുഖ വകുപ്പ് ഡയറക്ടറുടെ 03/11/2017 ലെ ബി3-532/17 നം. കത്ത്.

**<u>ഉത്തരവ്</u>**

ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സ് (CIB) നൽകിയ സർട്ടിഫിക്കറ്റുകൾ കൈവശമുള്ള ഉൾനാടൻ ജലയാനങ്ങളിലെ ജീവനക്കാർക്ക് ടി സർട്ടിഫിക്കറ്റുകൾ 2010 ലെ കേരള ഇൻലാന്റ് വെസ്സൽ റൂൾസ് (KIV Rule 2010) പ്രകാരമുള്ള സർട്ടിഫിക്കറ്റുകളാക്കി മാറ്റുന്നതിനും / പുതുക്കുന്നതിനും 15-09-2017 വരെ സമയപരിധി അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി,

എന്നാൽ ടി സമയ പരിധിയിൽ ലൈസൻസുകൾ പുതുക്കാതിരുന്ന വളരെയധികം ആളുകൾ ഇപ്പോഴും തങ്ങളുടെ ലൈസൻസുകൾ 2010 ലെ കെ.ഐ.വി. റൂൾ പ്രകാരം പുതുക്കിക്കിട്ടുന്നതിന് വിവിധ തുറമുഖ ഓഫീസുകളെ സമീപിക്കുന്ന സാഹചര്യത്തിൽ, ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സ് നൽകിയ സർട്ടിഫിക്കറ്റ് കൈവശമുള്ളവർക്ക് 2010 ലെ കെ.ഐ.വി. റൂൾ പ്രകാരമുള്ള സർവ്വീസ് സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള സമയപരിധി 6 മാസം കൂടി നീട്ടി നൽകണമെന്ന് തുറമുഖ വകുപ്പ് ഡയറക്ടർ പരാമർശം (2) ലെ കത്ത് പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതു പ്രകാരം ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സ് (CIB) നൽകിയ സർട്ടിഫിക്കറ്റുകൾ കൈവശമുള്ള ഉൾനാടൻ ജലയാനങ്ങളിലെ ജീവനക്കാർക്ക് ടി സർട്ടിഫിക്കറ്റുകൾ 2010 ലെ കേരള ഇൻലാന്റ് വെസ്സൽ റൂൾസ് (KIV Rule 2010) പ്രകാരമുള്ള സർട്ടിഫിക്കറ്റുകളാക്കി മാറ്റുന്നതിനും / പുതുക്കുന്നതിനുമുള്ള സമയപരിധി ഈ ഉത്തരവ് തീയതി മുതൽ 6 മാസം കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവാകുന്നു. സമയപരിധിക്കുള്ളിൽ 2010 ലെ കെ.ഐ.വി. റൂൾ പ്രകാരമുള്ള സർവ്വീസ് സർട്ടിഫിക്കറ്റുകൾ നടപടിക്രമങ്ങൾ പാലിച്ച് ബന്ധപ്പെട്ടവർക്ക് നൽകുന്നതിന് തുറമുഖ വകുപ്പ് ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്. യാതൊരു സാഹചര്യത്തിലും ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സ് (CIB) നൽകിയ സർട്ടിഫിക്കറ്റുകൾ 2010 ലെ കെ.ഐ.വി. റൂൾ പ്രകാരമുള്ള സർട്ടിഫിക്കറ്റുകളാക്കി മാറ്റുന്നതിന് ഇനിയും അവസരം നൽകുന്നതല്ല എന്നും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പി.റ്റി.ജോയി**

അണ്ടർ സെക്രട്ടറി

തുറമുഖ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഡയറക്ടർ, പബ്ലിക് റിലേഷൻസ് (പ്രസിദ്ധീകരണത്തിനായി)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ